പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 4847 21/10/2011 ൽ മറുപടിയ്ക്ക്

## വയോജനങ്ങൾക്കായി ക്ഷേമപദ്ധതികൾ

ചോദ്യം ഉത്തരം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : ഡോ. എം.കെ. മുനീർ :

ശ്രീ. പാലോട് രവി: (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

ശ്രീ. പി.എ. മാധവൻ :

| | |
|---|---|
| (എ) വയോജനങ്ങൾക്കായി എന്തെല്ലാം ക്ഷേമപദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത് ; | (എ) വയോജനങ്ങളുടെ ക്ഷേമത്തിനായി വകുപ്പിനു കീഴിൽ 15 വൃദ്ധ സദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി സർക്കാർ ഗ്രാന്റോടുകൂടി സന്നദ്ധ സംഘടനകൾ നടത്തുന്ന 154 സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ സംയോജിതവയോജന പരിപാടി അനുസരിച്ച് വൃദ്ധസദനങ്ങൾ, വൃദ്ധർക്കുവേണ്ടിയുള്ള ഡേ കെയർ സെന്ററുകൾ ഉൾപ്പെടെയുള്ള മൾട്ടി സർവ്വീസ് സെന്റർ , മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എന്നിവ നടത്തുന്നതിനു സന്നദ്ധ സംഘടന കൾക്കും ഗ്രാന്റ് നൽകുന്ന ഒരു കേന്ദ്രാവിഷ് കൃത പദ്ധതി നിലവിലുണ്ട്.<br>വയോജനങ്ങളുടെ സംരക്ഷണാർത്ഥം മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് 2007, റൂൾസ് 2009 നിലവിൽ വന്നിട്ടുണ്ട്. ഓരോ സബ് ഡിവിഷനിലും മെയിന്റനൻസ് ട്രിബ്യൂണൽ രൂപീകരിക്കുകയും റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ഓരോ ട്രിബ്യൂണലിന്റേയും പ്രിസൈഡിംഗ് ഓഫീസറായി നിയമിക്കുകയും |

| | |
|---|---|
| | ചെയ്തിട്ടുണ്ട്.<br>ഓരോ ജില്ലയിലും അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കുകയും ജില്ലാ കളക്ടർമാരെ ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ഓഫീസർ മാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br>ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നതും ചികിത്സയ്ക്കു ശേഷം സംരക്ഷിക്കാനാളില്ലാ ത്തതു കാരണം ആശുപത്രികളിൽ തന്നെ കഴിഞ്ഞുവരുന്ന തുമായ വൃദ്ധജനങ്ങളെ സന്നദ്ധ സംഘട നകളുടെ സഹായത്തോടെ പുനരധിവസി പ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടെ വൃദ്ധസദനങ്ങൾക്കും ഡേ കെയർ സെന്ററുകൾക്കും ആവർത്തന ചെലവുകൾക്ക് ഫണ്ട് അനുവദിക്കുന്ന പദ്ധതി അനുവദിച്ചിട്ടു ണ്ട്. വയോജന നയത്തിന്റെ അടിസ്ഥാന ത്തിൽ ഇവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വയോമിത്രം പദ്ധതി സംസ്ഥാനത്തെ കോർപ്പറേഷനുകളിലും ജില്ലാ ആസ്ഥാനങ്ങളിലെ മുനിസിപ്പാലിറ്റികളിലും നടപ്പാക്കിവരുന്നു. |
| (ബി) വയോജനങ്ങൾക്കായുള്ള പദ്ധതികൾക്ക് ഏകോപനം ഇല്ലാത്തതുമൂലം ബന്ധപ്പെട്ട ക്ഷേമപ്രവർത്തനങ്ങളുടെ പ്രയോജനം ഇവർക്ക് ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) എങ്കിൽ വയോജനങ്ങൾക്കായുള്ള പദ്ധതികളെ ഏകോപിപ്പിക്കാൻ പ്രത്യേക ബോർഡ് സ്ഥാപിക്കുമോ; വിശദമാക്കുമോ? | (സി) ഉദിക്കുന്നില്ല |

R. Vijayan

സെക്ഷൻ ഓഫീസർ